# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 04.03.2026**

### പ്രധാനവാർത്തകൾ

1. പശ്ചിമേഷ്യൻ രാജ്യങ്ങളിലെ മലയാളികൾ അടക്കമുള്ള ഇന്ത്യക്കാർക്ക് സർക്കാർ എല്ലാ സഹായവും ചെയ്യുന്നതായി കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി.

2. പോലീസ്, ജയിൽ , വിജിലൻസ് വകുപ്പുകളുടെ പുതിയ മന്ദിരങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തിരുവനന്തപുരത്തു നിർവഹിക്കും.

3. നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായുള്ള ഒരുക്കങ്ങൾ വിലയിരുത്താൻ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ നാളെ കേരളത്തിലെത്തും.

4. മുൻ കേന്ദ്ര മന്ത്രി കെ.പി ഉണ്ണികൃഷ്ണന് യാത്രാ മൊഴി. സംസ്കാരം ഔദ്യോഗിക ബഹുമതികളോടെ കോഴിക്കോട് നടന്നു.

5. സംസ്ഥാനത്ത് എസ് എസ് എൽ സി പരീക്ഷ നാളെ ആരംഭിക്കും. രണ്ടാം വർഷ ഹയർസെക്കണ്ടറി പരീക്ഷക്ക് മറ്റന്നാൾ തുടക്കം.

6. **ICC** ട്വൻറി - 20 ലോകകപ്പ് ക്രിക്കറ്റ് ആദ്യ സെമിയിൽ ഇന്ന് ദക്ഷിണാഫ്രിക്ക- ന്യൂസിലൻഡിനെ നേരിടും.

****************************************

RNU TVPM

## പശ്ചിമേഷ്യൻ സംഘർഷം

പശ്ചിമേഷ്യയിലെ സംഘർഷം അഞ്ചാംദിവസത്തിലേക്ക് കടന്നു. ഓപ്പറേഷൻ എപ്പിക് ഫ്യൂറി ആരംഭിച്ചതിനുശേഷം, മുന്നൂറോളം ഇറാനിയൻ മിസൈൽ ലോഞ്ചറുകളെ നിർവീര്യമാക്കിയതായി ഇസ്രയേൽ പറഞ്ഞു. അതേസമയം, പശ്ചിമേഷ്യയിലെ നിരവധി രാജ്യങ്ങളിൽ ഇറാൻ പ്രത്യാക്രമണം തുടരുകയാണ്.

**************************************

## കേന്ദ്ര വ്യോമയാന മന്ത്രാലയം

ഗൾഫ് മേഖലയിൽ കുടുങ്ങികിടക്കുന്ന ഇന്ത്യൻ പൗരന്മാരെ തിരികെയെത്തിക്കാൻ പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും ആവശ്യമുള്ളിടത്ത് വിമാനക്കമ്പനികൾ അധിക ശേഷി ഉപയോഗപ്പെടുത്തുമെന്നും കേന്ദ്ര വ്യോമയാന മന്ത്രാലയം. ഇൻഡിഗോയുടെ 30 ഉം എയർ ഇന്ത്യയും എയർ ഇന്ത്യ എക്സ്പ്രസും 23 ഉം ഉൾപ്പെടെ ഇന്ന് 58 വിമാനങ്ങൾ സർവീസ് നടത്തുമെന്നും മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു. ടിക്കറ്റ് നിരക്കുകളിൽ അനാവശ്യമായ വർദ്ധന ഉണ്ടാകാതിരിക്കാൻ സൂക്ഷ്മമായി നിരീക്ഷിക്കുകയാണെന്നും മന്ത്രാലയം വ്യക്തമാക്കി.

RNU TVPM

**************************************

## തിരുവനന്തപുരം വിമാനത്താവളം

തിരുവനന്തപുരം വിമാനത്താവളത്തിൽ 31 വിമാനങ്ങൾ ഇന്ന് റദ്ദാക്കി. തിരുവനന്തപുരത്ത് നിന്ന് പുറപ്പെടേണ്ടിയിരുന്ന 16 എണ്ണവും തിരുവനന്തപുരത്ത് എത്തിചേരേണ്ടിയിരുന്ന 15 എണ്ണവുമാണ് റദ്ദാക്കിയത്. അതേസമയം, മസ്ക്കറ്റിലേക്കുള്ള ഒമാൻ എയറിന്റെ വിമാനം പതിവുപോലെ സർവ്വീസ് നടത്തുന്നുണ്ട്.

**************************************

## കൺട്രോൾ റൂം

പശ്ചിമേഷ്യയിലെയും ഗൾഫ് മേഖലയിലെയും നിലവിലെ സ്ഥിതി കണക്കിലെടുത്ത് വിദേശകാര്യ മന്ത്രാലയം കൺട്രോൾ റൂം സജ്ജീകരിച്ചു. ടോൾ ഫ്രീ നമ്പറായ **18-00-11-87-97** ലോ **+91 11 23 01 21 13, +91 11 2301 4104, +91 11 2301 7905** എന്നീ നമ്പറുകളിലോ രാവിലെ 9 മണി മുതൽ രാത്രി 9 മണി വരെ ബന്ധപ്പെടാം.

****************************************

## സുരേഷ് ഗോപി (ഇൻട്രോ)

പശ്ചിമേഷ്യൻ രാജ്യങ്ങളിലെ മലയാളികൾ അടക്കമുള്ള ഇന്ത്യക്കാർക്ക് സർക്കാർ എല്ലാ സഹായവും ചെയ്തു വരുന്നതായി കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. പ്രവാസികൾക്ക് വേണ്ട എല്ലാ സഹായവും എംബസി നൽകുന്നുണ്ട് . സർക്കാർ സംരക്ഷണം നൽകുന്ന പോലെ സ്വയം സുരക്ഷിതരാവാൻ അവർ ശ്രമിക്കണമെന്നും അദ്ദേഹം തൃശൂരിൽ പറഞ്ഞു.

RNU TVPM

(വോയ്സ്)

****************************************

## പൊലീസ് - ഉദ്ഘാടനം

പോലീസ്, ജയിൽ , വിജിലൻസ് വകുപ്പുകളുടെ പുതിയ മന്ദിരങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തിരുവനന്തപുരത്തു നിർവഹിക്കും. വിവിധ ജില്ലകളിലായി പൂർത്തീകരിച്ച പുതിയ മന്ദിരങ്ങളുടെ ഉദ്ഘാടനവും മറ്റുളവയുടെ ശിലാസ്ഥാപനവുമാണ് നിർവഹിക്കുക. മന്ത്രി വി. ശിവൻകുട്ടി, സംസ്ഥാന പൊലീസ് മേധാവി തുടങ്ങിയവർ പങ്കെടുക്കും.

***************************************

## തിരഞ്ഞെടുപ്പ് കമ്മീഷൻ

നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായുള്ള ഒരുക്കങ്ങൾ വിലയിരുത്താൻ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ നാളെ കേരളത്തിലെത്തും. മൂന്ന് ദിവസത്തെ സന്ദർശനത്തിനിടെ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ, ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർമാർ, ബൂത്ത് ലെവൽ ഓഫീസർമാർ എന്നിവരുമായി ചർച്ചകൾ നടത്തും. കന്നി വോട്ടർമാരുമായി അദ്ദേഹം സംവദിക്കും.

***************************************

## എസ്.എസ്.എൽ.സി

സംസ്ഥാനത്ത് എസ് എസ് എൽ സി പരീക്ഷകൾ നാളെ ആരംഭിക്കും. പരീക്ഷാ നടത്തിപ്പിനുള്ള എല്ലാ തയ്യാറെടുപ്പുകളും പൂർത്തിയായതായി പൊതു വിദ്യാഭ്യാസ വകുപ്പ് അറിയിച്ചു. **വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.**

**(ഹോൾഡ് വോയ്സ്........)**

ഹയർ സെക്കണ്ടറി / വൊക്കേഷണൽ ഹയർ സെക്കണ്ടറി ഒന്നാം വർഷ പൊതു പരീക്ഷകളും നാളെ ആരംഭിക്കും. രണ്ടാം വർഷ പരീക്ഷകൾക്ക് മറ്റന്നാളും തുടക്കമാകും.

***************************************

## കെ.പി ഉണ്ണികൃഷ്ണൻ

മുൻ കേന്ദ്ര മന്ത്രി കെ.പി ഉണ്ണികൃഷ്ണന് യാത്രാ മൊഴി. സംസ്കാരം ഔദ്യോഗിക ബഹുമതികളോടെ കോഴിക്കോട് മാനാരി ശ്മശാനത്തിൽ നടന്നു. സംസ്കാര ചടങ്ങിൽ എംപിമാരായ ഷാഫി പറമ്പിൽ, എം.കെ രാഘവൻ തുടങ്ങിയവർ സംബന്ധിച്ചു. വീട്ടിൽ

RIU TVPM

പൊതുദർശനത്തിന് വച്ച ഭൗതികദേഹത്തിൽ സ്പീക്കർ എ എൻ ഷംസീർ, എംഎൽഎമാരായ കെ കെ രമ , സജീവ് ജോസഫ്, ടി സിദ്ദിഖ് തുടങ്ങിയവർ അന്തിമോപചാരമർപ്പിച്ചു.

****************************************

ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

****************************************

ശബരിമല സ്വർണ അപഹരണ കേസ്

ശബരിമല സ്വർണ അപഹരണ കേസിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡൻറ് എ. പത്മകുമാറിന് ജാമ്യം. ദ്വാരപാലകശില്പ കേസിലെ സ്വാഭാവിക ജാമ്യഹർജിയിലാണ് കൊല്ലം വിജിലൻസ് കോടതി ജാമ്യം അനുവദിച്ചത്. രണ്ടാമത്തെ കേസിലും ജാമ്യം ലഭിച്ചതോടെ പത്മകുമാറിന് ജയിൽ മോചിതനാകാൻ സാധിക്കും. കട്ടിളപ്പാളികേസിൽ കഴിഞ്ഞമാസം 20 ന് പത്മകുമാറിന് ജാമ്യം ലഭിച്ചിരുന്നു.

RNU/TVPM

****************************************

കണ്ണൂർ അവാർഡ് (ഇൻട്രോ)

പോഷൻ അഭിയാൻ 2.0 യുടെ ഭാഗമായി കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ സുപോക്ഷിത് ഗ്രാമപഞ്ചായത്ത് അവാർഡിന് കണ്ണൂർ ജില്ലയിലെ അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത് അർഹമായി. മികച്ച പ്രവർത്തനം കാഴ്ചവെച്ച രാജ്യത്തെ ആയിരം പഞ്ചായത്തുകളിൽ ഒന്നായാണ് അഞ്ചരക്കണ്ടി തെരഞ്ഞെടുക്കപ്പെട്ടത്.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ

(ഹോൾഡ് വോയ്സ്.......)

*************************************

## ശമ്പള പരിഷ്കരണം - നഴ്സുമാർ

ശമ്പള പരിഷ്കരണം ആവശ്യപ്പെട്ട് സ്വകാര്യ ആശുപത്രിയിലെ നഴ്സുമാർ സെക്രട്ടേറിയറ്റിലേക്ക് പ്രതിഷേധ മാർച്ച് നടത്തി. ആയിരക്കണക്കിന് നഴ്സുമാർ പങ്കെടുത്തു. മിനിമം വേതനം 20,000 ൽ നിന്ന് 40,000 മായി ഉയർത്തണം എന്നാണ് നഴ്സുമാരുടെ ആവശ്യം.

*************************************

## ട്വന്റി - 20 ലോകകപ്പ്

ICC ട്വന്റി - 20 ലോകകപ്പ് സെമി ഫൈനൽ മത്സരങ്ങൾക്ക് ഇന്ന് തുടക്കമാവും. ആദ്യ സെമിയിൽ ഇന്ന് ദക്ഷിണാഫ്രിക്ക- ന്യൂസിലൻഡിനെ നേരിടും. രാത്രി ഏഴിനാണ് മത്സരം.

RNUTVPM

*************************************

## തീവ്ര വോട്ടർ പട്ടിക

കേരളത്തിൽ, ഈ വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായിട്ടും, തീവ്ര വോട്ടർ പട്ടിക പരിഷ്കരണ സമയത്ത് പേരു ചേർക്കാൻ സാധിക്കാത്തവർക്ക് പട്ടികയിൽ പേര് ചേർക്കാൻ അവസരം. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ, ECINET മൊബൈൽ ആപ്പ് വഴിയോ, ബൂത്തുതല ഓഫീസർ വഴിയോ അപേക്ഷിക്കാം. നാമനിർദ്ദേശപത്രിക സമർപ്പിക്കാനുള്ള അവസാന തീയതി വരെയാണ് പേര് ചേർക്കാൻ അവസരമുള്ളത്.

*************************************

## കാട്ടാന മരണം

വയനാട് പച്ചാടിയിൽ യുവ കർഷകൻ കാട്ടാന ആക്രമണത്തിൽ മരിച്ചു. ബത്തേരി സ്വദേശി രജീവ് ആണ് മരിച്ചത്. കാട്ടാന പറമ്പിൽ ഇറങ്ങിയതറിഞ്ഞ് തുരത്താനായി പോയപ്പോഴായിരുന്നു ആക്രമണം. ആനയെ പിടികൂടാനുള്ള അനുമതിക്കായി ഇന്ന് തന്നെ ഉയർന്ന ഉദ്യോഗസ്ഥരെ സമിപിക്കാൻ സുൽത്താൻബത്തേരി റസ്റ്റ് ഹൗസിൽ ചേർന്ന സർവകക്ഷി യോഗത്തിൽ തീരുമാനിച്ചു.

*************************************

## കാട്ടാന - ദൗത്യം

വനം വകുപ്പിന്റെ കണ്ണൂർ കൊട്ടിയൂർ റേഞ്ച്, കീഴ്പ്പള്ളി സെക്ഷൻ പരിധിയിലെ ആറളം ഫാം ബ്ലോക്കിലെ വയനാടൻ കാട് ഭാഗത്തുള്ള കാട്ടാനകളെ കാട്ടിലേക്ക് തുരത്തുന്നതിനുള്ള ദൗത്യം ആരംഭിച്ചു, കൊട്ടിയൂർ റേഞ്ച് ഓഫീസറുടെ നേതൃത്വത്തിലാണ് ദൗത്യം പുരോഗമിക്കുന്നത്.

RIJU TVPM

*************************************

## അൾട്രാവയലറ്റ് സൂചിക

കേരളത്തിൽ പകൽ താപനില വർധിക്കുന്നതിനൊപ്പം അൾട്രാവയലറ്റ് സൂചിക ഉയരുന്നതിൻറെ പശ്ചാത്തലത്തിൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി. പകൽ 10 മുതൽ 3 വരെയുള്ള സമയത്ത് നേരിട്ട് ശരീരത്തിൽ കൂടുതൽ സമയം തുടർച്ചയായി സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കണമെന്നും നിർദ്ദേശത്തിൽ പറയുന്നു.

*************************************

## ഓഹരി-സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് **1,472** പോയിന്റ് താഴ്ന്ന് **78,767** ലും, നിഫ്റ്റി **493** പോയിന്റ് താഴ്ന്ന് **24,373** ലും വ്യാപാരം പുരോഗമിക്കുന്നു. സ്വർണ വില കുറഞ്ഞു. പവന് **2,280** രൂപ കുറഞ്ഞ് ഒരു ലക്ഷത്തി **20,640** രൂപയും , ഗ്രാമിന് **15,080** രൂപയുമാണ് ഇന്നത്തെ വില.

*********************************************************************************

RNU TVPM